ഉത്തരം

(എ) കാർഡമം ഹിൽ റിസർവ് ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലാണ്. അതിൽ ഉള്ള മരങ്ങൾക്കു മാത്രമേ വനം വകുപ്പിന് അവകാശമുള്ളൂ. ഏലകൃഷിക്ക് ഭൂമി പാട്ടത്തിനുനൽകുന്നത് റവന്യൂ വകുപ്പാണ്.

(ബി) വിവരം റവന്യൂ വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലായതിനാൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഏലക്കാടുകൾ ഒഴിപ്പിക്കുവാൻ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

വനസംരക്ഷണസേനയും മൃഗവേട്ടയും

110 [T1828] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര വന സംരക്ഷണസമിതികളാണ് പ്രവർത്തനം നടത്തുന്നത്; ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) വനംകൊള്ളയും മൃഗവേട്ടയും തടയുവാനും വനം സംരക്ഷിക്കുവാനും വന സംരക്ഷണസമിതികൾക്ക് എന്തൊക്കെ സഹായങ്ങളാണ് വനം വകുപ്പ് നൽകുന്നത് എന്ന് വിശദമാക്കാമോ ;

(സി) റാന്നി വനം ഡിവിഷനതിർത്തിയിൽ എത്ര വി. എസ്. എസ്. കളാണ് പ്രവർത്തിച്ചുവരുന്നത് ;

(ഡി) ഗൂഡ്രിക്കൽ റേഞ്ചിൽ കഴിഞ്ഞ 2 വർഷക്കാലത്തിനിടയിൽ നടന്നിട്ടുള്ള മൃഗവേട്ടകളുടേയും കൊല്ലപ്പെട്ട മൃഗങ്ങളുടേയും കണക്കുകൾ വിശദമാക്കാമോ ;

(ഇ) ഈ മേഖലയിലെ മൃഗവേട്ട തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ 326 വനസംരക്ഷണ സമിതികൾ ഇപ്പോൾ നിലവിലുണ്ട്. വനം വകുപ്പുമായി ചേർന്ന് പങ്കാളിത്ത രീതിയിൽ വനപരിപാലനം നടത്തുക എന്നുള്ളതാണ് വനസംരക്ഷണ സമിതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഓരോ വനസംരക്ഷണ സമിതിയുടെയും ധാരണാപത്രം ഒപ്പിട്ടു ഏൽപ്പിച്ചു കൊടുത്തിട്ടുള്ള വനപ്രദേശത്തിന്റെ സംരക്ഷണവും പരിപാലനവും അതാതുസമിതികളുടെ ചുമതലയാണ്. ഇതിനായി തയ്യാറാക്കി അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖകൾ അനുസരിച്ച് സമിതികൾ പ്രവർത്തിക്കുന്നു. ആസൂത്രണരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ വാർഷിക കർമ്മ പരിപാടി അനുസരിച്ച് നടപ്പാക്കണം. ഇവയാണ് വനസംരക്ഷണ സമിതികളുടെ പ്രവർത്തനം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് സമിതികൾക്ക് ഹെക്ടർ ഒന്നിന് 700 രൂപാനിരക്കിൽ 2003 ഡിസംബർ 31 വരെ നൽകിയിരുന്നു. എന്നാൽ ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കാലാവധി 31-12-2003-ൽ അവസാനിച്ചതിനുശേഷം സമിതികൾക്ക് ധനസഹായമൊന്നും നൽകിയിട്ടില്ല.

(സി) റാന്നി മേഖലയിൽ 25 വനസംരക്ഷണ സമിതികൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ഗൂഡ്രിക്കൽ റേഞ്ചിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ നടന്നിട്ടുള്ള മൃഗവേട്ടകളുടേയും കൊല്ലപ്പെട്ട മൃഗങ്ങളുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു:

2003-ൽ രണ്ട് കേസ്സുകൾ

1. ഒരു മ്ലാവിനെ കൊന്നത്.
2. ഒരു കാട്ടുപുച്ചയെ കൊന്നത്.

2004-ൽ രണ്ട് കേസ്സുകൾ

1. ഒരു കൊമ്പനാനയെ കൊന്ന് കൊമ്പുകൾ കടത്തിയത്.
2. ഒരു കാട്ടുപോത്തിനെ വെടിവെച്ചു കൊന്നത്.

(ഇ) മൃഗവേട്ട തടയുവാൻ വനം സംരക്ഷണസമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതാണ്.

വന്യജീവി ആക്രമണം തടയുന്നതിന് കരുതൽ നടപടി

111 [T1829] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയാൻ വനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള കരുതൽ നടപടികൾ വിശദമാക്കാമോ ;

(ബി) ഫലപ്രദമായ കരുതൽ നടപടികൾ ഇല്ലാത്തതുകാരണം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശത്തിന് മതിയായ നഷ്ട പരിഹാരം നൽകുവാൻ നിയമഭേദഗതി വരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly